23145
11/11/14

കേരള സർക്കാർ
സംഗ്രഹം

കൃഷി വകുപ്പ് - സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി - നെൽകൃഷിക്ക് കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (കൃഷി) വകുപ്പ്

**സ.ഉ.(സാധാ)നം.1066/2017/കൃഷി** **തീയതി, തിരുവനന്തപുരം, 27-10-2017.**

---

പരാമർശം:- സ.ഉ.(എം.എസ്.)നം.37/2017/കൃഷി തീയതി: 22-03-2017

**ഉത്തരവ്**

പരാമർശത്തിലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 25 പ്രധാനപ്പെട്ട കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തിയും നഷ്ടപരിഹാരതുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. പരാമർശ ഉത്തരവിലെ 3-ാം ഖണ്ഡികയിൽ അവസാന വാചകമായി ഉൾപ്പെടുത്തിയിരിക്കുന്ന "കൂടാതെ കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിലെ നെൽകൃഷിക്ക് കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്" എന്നത് "നെൽകൃഷിക്ക് കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്" എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശത്തിലെ സർക്കാർ ഉത്തരവ് ടി ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മീര.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം.
പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പ്.
ധനകാര്യവകുപ്പ്.
സഹകരണ വകുപ്പ്.
കൃഷി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
✓ വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**